**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **11-09-2023 - ൽ മറുപടിയ്ക്ക്**

**പട്ടയ അസംബ്ലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരംഭിച്ച പട്ടയ അസംബ്ലിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (എ) | പട്ടയ പ്രശ്നങ്ങൾ നിയോജക മണ്ഡല അടിസ്ഥാനത്തിൽ കണ്ടെത്തി അതിനുള്ള പരിഹാരം കാണുന്നതിനാണ് പട്ടയ അസംബ്ലികൾ നടത്തി വരുന്നത്. നിയോജക മണ്ഡലങ്ങളിൽ ഡെപ്യൂട്ടി കളക്ടർമാരെയും തഹസിൽദാർമാരെയും നോഡൽ ഓഫീസർമാരായി നിയമിക്കുകയും അതാതു നിയോജക മണ്ഡലത്തിലെ MLA മാരുടെ അധ്യക്ഷതയിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളേയും ബന്ധപ്പെട്ടഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി പട്ടയ അസംബ്ലി കൂടാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിൽ 135 എണ്ണത്തിൽ പട്ടയ അസംബ്ലികൾ കൂടുന്നതിനുള്ള തീയതി എം.എൽ.എ. മാരിൽ നിന്നും ലഭ്യമായിട്ടുള്ളതും 135 പട്ടയ അസംബ്ലികൾ നടത്തിയിട്ടുള്ളതുമാണ്. |
| (ബി) | ആയതിന്റെ ഘടന, ചുമതലകൾ എന്നിവ വിശദമാക്കാമോ; | (ബി) | ഘടന<br><br>ചെയർമാൻ : എം.എൽ.എ.<br><br>കൺവീനർ : നിയോജകമണ്ഡലാടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള നോഡൽ ഓഫീസർ (തഹസിൽദാർ റാങ്കിൽ കുറയാതെ)<br><br>അംഗങ്ങൾ : ഗ്രാമപഞ്ചായത്ത് മെമ്പർ/ മുൻസിപ്പൽ കൗൺസിലേഴ്സ് / കോർപ്പറേഷൻ കൗൺസിലേഴ്സ്<br><br>: ബ്ലോക്ക് പഞ്ചായത്ത് മെമ്പർ<br><br>: ജില്ലാ പഞ്ചായത്ത് മെമ്പർ<br><br>: ബന്ധപ്പെട്ട ഡെപ്യൂട്ടി തഹസിൽദാർമാർ<br><br>: സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ |

| | | | |
|---|---|---|---|
| | | | : വില്ലേജ് ഓഫീസർമാർ<br><br>നിയോജമണ്ഡലാടിസ്ഥാനത്തിൽ യോഗം ചേർന്ന്, ഓരോ വാർഡിലും പട്ടയം കിട്ടാൻ അവശേഷിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ലഭ്യമാക്കുക, പട്ടയം നൽകാൻ അനുയോജ്യമായ ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കുക എന്നിവയാണ് പട്ടയ അസംബ്ലികളുടെ ചുമതല. |
| (സി) | എത്ര നിയോജക മണ്ഡലങ്ങളിൽ ഇതിനോടകം പട്ടയ അസംബ്ലി ചേർന്നിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ഇതിനോടകം 135 നിയോജകമണ്ഡലങ്ങളിൽ പട്ടയ അസംബ്ലികൾ ചേർന്നിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | പട്ടയ അസംബ്ലി കൂടിയിട്ടുള്ളവ |
|---|---|---|
| 1 | തിരുവനന്തപുരം | 13 |
| 2 | കൊല്ലം | 10 |
| 3 | പത്തനംതിട്ട | 4 |
| 4 | ആലപ്പുഴ | 9 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 5 |
| 7 | എറണാകുളം | 13 |
| 8 | തൃശ്ശൂർ | 13 |
| 9 | പാലക്കാട് | 12 |
| 10 | മലപ്പുറം | 16 |
| 11 | കോഴിക്കോട് | 13 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 11 |
| 14 | കാസർകോട് | 5 |
| | **ആകെ** | **135** |